കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി1)1410/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
ഫോൺ -0487 2331249

e-mail: dotsr.ksad@kerala.gov.in
തീയതി: 30.08.2017

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-2,3-9 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), തൃശ്ശൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി1)1410/2017 തീയതി: 30.08.2017

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 1.4.17 മുതൽ 3.07.17 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഇ.ആർ.ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.07.17 മുതൽ 12.07.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അഗസ്റ്റിൻ.എം.എൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വിദ്യ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ബിന്ദു.സി.വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ലതി വേണഗോപാൽ | 1.04.16മുതൽ 31.3.17 വരെ |
| സെക്രട്ടറി | അനീഷ്.ജെ.ആലയ്ക്കാപ്പള്ളി | 1.4.16 മുതൽ 18.06.16വരെ |
| | കെ.ഡി.രേണക | 19.06.16 മുതൽ 22.06.16വരെ |
| | വി.ശാന്താറാം | 23.06.16 മുതൽ 4.11.16വരെ |
| | മുരളീധരൻ.സി.എ | 5.11.16 മുതൽ 6.11.16വരെ |
| | പി.വി.ബാലകൃഷ്ണൻ | 7.11.16 മുതൽ 31.03.17വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.കെ.ടി.സുജ | 1.04.16മുതൽ 31.3.17വരെ |
| ശിശു വികസന പ്രോജക്ട് ഓഫീസർ | ശോഭനകമാരി.എൽ | 1.4.16 മുതൽ 31.03.17 വരെ |
| എ.ഡി.എ മുല്ലശ്ശേരി | സന്ധ്യ.വി. | 1.4.16 മുതൽ 31.3.17വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | അജിത.പി.എം | 1.4.16 മുതൽ 31.3.17വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | എൻ.വീണ | 1.4.16 മുതൽ 31.3.17വരെ |
| പട്ടികജാതി വികസന ഓഫീസർ | ശോഭന.കെ.ഡി | 1.4.16 മുതൽ 24.8.16 വരെ |
| | അജിത് കമാർ. എം.ആർ | 25.8.16 മുതൽ 31.3.17വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ | 1.3 |

| | | |
|---|---|---|
| | വിവരം. | |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1.8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |
| 11 | ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ, വാറ്റ്- ബ്ലോക്ക് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല | 2.1 |
| 12 | വാടക -അപാകതകൾ | 2.2 |
| | ഭാഗം 3 | |
| 13 | ഓഡിറ്റ് ഇംപാക്ട് -ഒരേ ആവശ്യത്തിന് രണ്ടു തവണ ചെലവഴിച്ച തുക തിരിച്ചടച്ചു | 3.1 |
| 14 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ വൈദ്യുതികരം അടവാക്കുന്നതിന് വേണ്ടി സമർപ്പിച്ച രേകകളിൽ അവ്യക്തത | 3.2 |
| 15 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകത | 3.3 |
| 16 | നെൽവിത്ത് വിതരണം -രേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 3.4 |
| 17 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-വിനിയോഗിക്കാത്ത തുക തിരികെ അടവാക്കിയിട്ടില്ല | 3.5 |
| 18 | വിദേശധനസഹായം നല്കൽ - കൈപ്പറ്റ് രസീത് ഇല്ല | 3.6 |
| 19 | നിർവ്വഹണം നടത്തുന്ന പ്രോജക്റ്റിന് നിർവഹണ ഉദ്യോഗസ്ഥൻ തന്നെ സാങ്കേതിക അനുമതിയും, റിവൈസ്ഡ് അനുമതിയും നൽകിയിരിക്കുന്നു. | 3.7 |
| 20 | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കാതെ ഉപേക്ഷിക്കുന്നു | 3.8 |
| 21 | സി.എച്ച്.സി ഓഫിസ് ചെലവുകൾ :ഹാജരാക്കിയ ബില്ലുകൾ അംഗികരിക്കത്തക്കതല്ല | 3.9 |
| 22 | സെക്രട്ടറി നടപ്പാക്കിയ പദ്ധതി ചെലവ്: രേഖകളുടെ അഭാവത്തിൽ തുക തടസ്സപെടുത്തുന്നു. | 3.10 |
| 23 | IAY: 2010-2011വർഷം മുതൽ 2016-2017 ഉൾപ്പെടെ ഏഴുപേർ പദ്ധതി പണം ഉപയോഗപ്പെടുത്താതെ നിർമ്മാണം പാതിവഴിയൽ. | 3.11 |
| 24 | വൗച്ചർ- അപാകതകൾ | 3.12 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 30 | ഓഡിറ്റ് റിക്കവറി | 4.6 |

| | | |
|---|---|---|
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.2.16 തിയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31-07-2017 | 12.6.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1)മുറി വാടക ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാടക രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുമായി താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 46862 | 20842 | 26020 |
| വാടക രജിസ്റ്റർ പ്രകാരം | 48076 | 23012 | 25064 |

2)ഡെപ്പോസിറ്റ് രജിസ്റ്റർ ,അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലെ നീക്കിയിരിപ്പിന്റെ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7&ബി -18) കൃത്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.

3)നാളിതുവരെയുള്ള ആസ്തി ബാധ്യതാ വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17354094 |
| വരവ് | 31067795 |
| ആകെ | 48421889 |
| ചെലവ് | 33694549 |
| നീക്കിയിരിപ്പ് | 14727340 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 8334112 | 8334112 | 8334112 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 3504500 | 3504500 | 3504500 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 47064 | 47064 | 47064 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 1296475 | 1296475 | 1296475 | 0 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 30 | 41982370 | 22 | 13734573 | 7 | 1 | 73.3 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 25790 | 33392 | (+)7602 | (+)29 |
| മറ്റുവരവുകൾ | 239804 | 264176 | (+)24372 | (+)10 |
| ആകെ | 265594 | 297568 | 31974 | (+)12 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.7.17 തിയതിയിൽ 3.00pm.ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48284/ രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

1)ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റേയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2) ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.8.16 -1.9.16 | 2015-16 | 5.12.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.14-27.12.14 | 2009-10 മുതൽ 2013-14 വരെ | 20.04.15 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ, വാറ്റ്- ബ്ലോക്ക് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

2016-17 വർഷം മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിക്കേണ്ട സബ്മിഷൻ ഫീ, വാററ് എന്നിവ ബ്ലോക്ക് ഫണ്ടിൽ ലഭിച്ചതായി പരിശോധനയിൽ കണ്ടില്ല. പ്രോജക്ട് അടങ്കലിന്റെ .2% വും അതിന്റെ 5%വാറ്റും എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ട്രാൻസഫർ ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേർ | അടങ്കൽ | പ്രോജക്റ്റ് നം. | ഈടാക്കേണ്ട തുക | ദർഘാസിൽ പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|---|
| 1 | സി.എച്ച്സി മെയിൻറനൻസ് | 1300000 | 16/17 | 10920 | 4 |
| 2 | ബ്ലോക്ക് ഓഫീസ് നവീകരണം | 881000 | 15/17 | 5550 | 3 |
| 3 | തണ്ണീർകായൽ.എസ്.സി കോളനി നടപ്പാത | 1499500 | 26/17 | 6300 | 2 |
| 4 | എലവത്തൂർ എസ്.സി കോളനി സൈഡ് പ്രൊട്ടക്ഷൻ | 1450000 | 13/17 | 6090 | 2 |
| 5 | വടക്കെ കോഞ്ചിറ കോൾപടവ് മോട്ടോർ ഷെഡ് നിർമ്മാണം | 780249 | 12/17 | 3280 | 2 |
| 6 | കടവല്ലൂർ എസ്.സി കോളനി സൈഡ് പ്രൊട്ടക്ഷൻ | 1450000 | 14/17 | 6090 | 2 |

## 2-2 വാടക -അപാകതകൾ

1) ഡി സി ബി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 46862 | 20842 | 26020 |
| വാടക രജിസ്റ്റർ പ്രകാരം | 48076 | 23012 | 25064 |

വാർഷിക ധനകാര്യ പത്രിക, വാടക രജിസ്റ്റർ എന്നിവയിലെ ഡി സി ബി യിൽ വന്ന വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2) പട്ടികജാതി വനിത വിപണന കേന്ദ്രത്തിലെ മുൻവശത്തുള്ള ഒന്നാമത്തെ മുറി (XV 182) 400 രൂപ മാസവാടകക്ക് (2004 മുതൽ) എടുത്തിട്ടുള്ള ശ്രീമതി. ജയശ്രീ പുഷ്കരൻ 2015നവംബർ മുതൽ വാടക അടവാക്കിയതായി കാണുന്നില്ല. നാളിതുവരെ ആയിട്ടും വാടക വർദ്ധിപ്പിക്കാത്ത വിവരവും 2009 ന് ശേഷം കരാർ പുതുക്കാത്ത വിവരവും മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അവർക്കെതിരെ സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3)വാടക ബൈലോ

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള 8 മുറികൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വാടക ബൈലോ തയ്യാറാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ബൈലോ ഇല്ല എന്ന വിവരം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. )

4) എ.ഇ.ഒ ഓഫീസിൽ നിന്നും വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ വാടകക്ക് പ്രവർത്തിക്കുന്ന എ.ഇ.ഒ ഓഫീസ് 2014-15 ന ശേഷം വാടക അടവാക്കിയിട്ടില്ല. വാടക വർദ്ധിപ്പിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓഡിറ്റ് ഇംപാക്ട് -ഒരേ ആവശ്യത്തിന് രണ്ടു തവണ ചെലവഴിച്ച തുക തിരിച്ചടച്ചു

29.2.16ൽ നടന്ന 2016-17 വർഷത്തെ കരട് ബജറ്റ് അവതരണവുമായി ബന്ധപ്പെട്ട് 60 പേർക്ക് ഉച്ചഭക്ഷണവും ചായയും നൽകിയ വകയിൽ രണ്ടു തവണ തുക ചെലവഴിച്ചിരിക്കുന്നു

| സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച തുക | ചെക്ക് നം/തിയ്യതി , | സബ് വൗച്ചർ |
|---|---|---|
| 32611/- | 0308739 / 11.4.16 | 29.2.16 തിയ്യതിയിലെ വ്യാസ വനിത കാന്റീന്റെ ബിൽ പ്രകാരമുള്ള 6980/- രൂപ |
| 62422/- | 0308750 / 24.5.16 | 29.2.16 തിയ്യതിയിലെ വ്യാസ വനിത കാന്റീന്റെ ബിൽ പ്രകാരമുള്ള 7440/- രൂപ |

ഒരേ ആവശ്യത്തിന് 29.2.16 ലെ രണ്ട് വ്യത്യസ്ത ബില്ലുകൾ പ്രകാരം ഏപ്രിൽ 2016 ൽ 6980 രൂപയും, മെയ് 2016ൽ 7440 രൂപയും ജി.പി.ജി യിൽ നിന്ന് പിൻവലിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (6/11.7.17) ക്കുള്ള മറുപടിയിൽ 24.5.16 ന് അനുവദിച്ച 7440/- രൂപ പലിശ സഹിതം ജി.പി.ജി യിൽ അടവാക്കിയതിന്റെ രേഖകൾ സെക്രട്ടറി ഹാജരാക്കിയിട്ടുണ്ട്. (8962/- രശീത് നം.1264/12.7.17). ഇത്തരം അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-2 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ വൈദ്യുതികരം അടവാക്കുന്നതിനു വേണ്ടി സമർപ്പിച്ച രേഖകളിൽ അവ്യക്തത

സി.എച്ച്.സി സൂപ്രണ്ട് സമർപ്പിച്ച വൈദ്യുതി ബിൽ കുടിശ്ശിക സംബന്ധിച്ച് വ്യക്തതകുറവുള്ളതായി പരിശോധനയിൽ കണ്ടു. വിശദവിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം, ചെക്ക് | ക്രമ നം | കെ.എസ്.ഇ.ബി. കൺസ്യൂമർ നം | ബിൽ തീയതി | ബിൽ തുക | കുടിശ്ശിക | ആകെ | ബ്ലോക്കിൽ നിന്നും |
|---|---|---|---|---|---|---|---|

| നം/തിയ്യതി, പിൻവലിച്ച തുക | | | | | | | അനുവദിച്ചത് |
|---|---|---|---|---|---|---|---|
| 26/16-17 0308765/26.7.16 174768/- ൽ ഉൾപ്പെട്ടത് | 1 | 1156907008959 | 19.5.16 | 3284 | 9220.19 | 12505 | 12505 |
| | 2 | 1156904008567 | 19.5.16 | 13383 | 30980.31 | 44364 | 44364 |
| | 3 | 1156905009204 | 19.5.16 | 4206 | 12302.95 | 43999 | 43999 |
| | 4 | 1156909011523 | 19.5.16 | 8403 | 19087.77 | 27491 | 27491 |
| | 5 | 1156908009986 | 6.6.16 | 2187 | 18669.96 | 20857 | 20857 |
| | 6 | 1156908009986 | 4.7.16 | 2387 | 20856.96 | 23244 | 23244 |
| 77/16-17 1921863/25.2.17 156976/- ൽ ഉൾപ്പെട്ടത് | 7 | 1156907008959 | 20.7.16 | 2620 | 12202.19 | 14822 | 2620 |
| | 8 | 1156904008567 | 20.7.16 | 12187 | 43985.31 | 56173 | 12187 |
| | 9 | 1156905009204 | 20.7.16 | 4760 | 15800.95 | 20560 | 4760 |
| | 10 | 1156909011523 | 20.7.16 | 7500 | 28075.77 | 35576 | 7500 |
| | 11 | 1156908009986 | 1.8.16 | 2242 | - | 2242 | 2242 |
| | 12 | 1156908009986 | 1.9.16 | 2387 | 1746 | 4133 | 2387 |
| | 13 | 1156907008959 | 22.9.16 | 2550 | 867 | 3417 | 2550 |
| | 14 | 1156904008567 | 22.9.16 | 12228 | 3007 | 15235 | 12228 |
| | 15 | 1156905009204 | 22.9.16 | 4640 | 1204 | 5844 | 4640 |
| | 16 | 1156909011523 | 22.9.16 | 7600 | 1881 | 9481 | 7600 |
| | 17 | 1156907008959 | 19.11.16 | 2552 | 3411.19 | 5964 | 2552 |
| | 18 | 1156904008567 | 19.11.16 | 11647 | 14236.31 | 25885 | 11647 |
| | 19 | 1156905009204 | 19.11.16 | 3614 | 5339.95 | 8954 | 3614 |
| | 20 | 1156909011523 | 19.11.16 | 5780 | 9476.77 | 15258 | 5780 |
| | 21 | 1156908009986 | 1.12.16 | 2121 | 8615.96 | 10737 | 2121 |
| | 22 | 1156907008959 | 20.1.17 | 2588 | 5963.19 | 8552 | 2588 |
| | 23 | 1156904008567 | വ്യക്തമല്ല | 12859 | 24891.31 | 37751 | 12859 |
| | 24 | 1156905009204 | വ്യക്തമല്ല | 4351 | വ്യക്തമല്ല | വ്യക്തമല്ല | 4351 |
| | 25 | 1156909011523 | 20.1.17 | 6426 | 15255.77 | 21682 | 6426 |
| | 26 | 1156908009986 | 3.1.17 | 2489 | 10736.95 | 13226 | 2489 |
| | 27 | 1156908009986 | 1.2.17 | 2248 | 13225.96 | 15474 | 2248 |

<u>അപാകതകൾ</u>

1) 29.6.16 ലെ ജനറൽ കമ്മിറ്റി തീരുമാന പ്രകാരം സി.എച്ച്.സി സൂപ്രണ്ടിന്റെ കാര്യാലയത്തിലെ ഒരു വർഷത്തെ ടെലിഫോൺ ബിൽ, കറന്റ് ബിൽ മുതലായവ കുടിശ്ശിക സഹിതം 174768/- രൂപ (ചെക്ക് നം. 0308765/26.7.16) അനുവദിച്ചതായി കാണുന്നു. കുടിശ്ശിക അനുവദിച്ച പ്രവൃത്തി ഇത്തവണത്തേക്ക് മാത്രമാണെന്നും തുടർന്നുള്ള മാസങ്ങളിലെ ബില്ലുകൾ അതാത് മാസം തന്നെ സമർപ്പിക്കണമെന്നും അല്ലാത്ത പക്ഷം ബിൽ തുക അനുവദിക്കുന്നത് ബുദ്ധിമുട്ടാണെന്ന് പ്രസിഡണ്ട് സൂപ്രണ്ടിനെ അറിയിച്ചതായി മിനിറ്റ്സിൽ കാണുന്നു. വൈദ്യുതികരം അതാത് സമയം അടവാക്കി കുടിശ്ശിക വരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2)മേൽ പറഞ്ഞ ഭൂരിഭാഗം ബില്ലുകളും അടവാക്കിയതിന്റെ രശീത് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ഏതാനും രശീതുകൾ അതാത് ബില്ലുകളുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ ക്രമ നം 9പ്രകാരമുള്ള (കൺസ്യൂമർ നം. 1156905009204 ) 20.7.16ലെ ബില്ലിൽ കുടിശ്ശിക അടക്കം ബിൽ തുക 20560/- രൂപയാണ്. 30.07.16ലെ രശീത് പ്രകാരം 20558/-രൂപ അടവാക്കിയതായി കാണുന്നു. എന്നാൽ ഇതേ കൺസ്യൂമർ നമ്പറിന്റെ 22.9.16ലെ അടുത്ത ബില്ലിൽ (ക്രമ നം 15) കുടിശ്ശിക 1204 രൂപ കാണിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഉണ്ടായതിന്റെ കാരണം കെ.എസ്.ഇ.ബി യോട് ആരായേണ്ടതുണ്ട്.

3)കെ.എസ്.ഇ.ബി യിൽ നിന്ന് ലഭിക്കുന്ന പുതിയ ബില്ലുകൾ പലതിലും ബിൽ തുക മാഞ്ഞ് പോയിരിക്കുന്നു. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)സി.എച്ച്.സി സൂപ്രണ്ട് ഹാജരാക്കിയ ബില്ലിൽ ജയറാം. പി.കെ എന്ന വ്യക്തിയുടെ (കൺസ്യൂമർ നം.1156901002681) 210/- രൂപയുടെ കറന്റ് ബിൽ ഉൾപ്പെട്ട് കാണുന്നു.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-3** <u>മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകത</u>

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മുല്ലശ്ശേരി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് വിവിധ ഏജൻസികൾക്ക് തുക നല്കിയിട്ടുണ്ട് .എന്നാൽ ഓഡിറ്റിനാവശ്യമായ താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. /പ്രോജക്ട് | ബിൽ നമ്പർ/തിയ്യതി | തുക | തുക ആർക്ക് നല്കി | പ്രഫോർമ ഇൻവോയിസ് നമ്പർ | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 22/17/പെയിൻ &പാലിയേറ്റീവ് | 2/16-17 /27.2.17 | 400000 | കെ.എം.എസ്.സി. എൽ,തിരുവനന്തപുരം (300000/-) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മുളങ്കുന്നത്തുകാവ് (100000/-) | PRF1301/ 05/01/2017(100000/- PRF1993/ 2.2.17(100000/-) PRF036/ 17.01/17(100000/-) PRF1920/ 30.1.17(100000/-) | കൈപ്പറ്റ് രസീത്,മരുന്ന് ലഭിച്ചതിന്റെ ക്യാഷ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ |
| 27/17/ഡിമെൻഷ്യ ക്ലിനിക്ക് | 5/16-17 /27.2.17 7/16-17 /30.3.17 | 112500/- 57500/- (തടസ്സപ്പെടുത്തിയ തുക 100000) | കെ.എം.എസ്.സി. എൽ,തിരുവനന്തപുരം, (90000/-) കെ.എം.എസ്.സി എൽ.,തിരുവനന്തപുരം, (10000/-) | PRF1915/30.01.17 (90000) PRF3021/2.3.17 (10000) | മരുന്ന് ലഭിച്ചതിന്റെ ക്യാഷ് ബിൽ,സ്റ്റോക്ക് രജിസ്റ്റർ " |
| 33/17/വയോജനങ്ങളിൽ ജീവിതശൈലി രോഗ നിയന്ത്രണത്തിനുവേണ്ടി മരുന്ന് വാങ്ങൽ | 3/16-17 /27.2.17 6/16-17 /30.3.17 | 366650/- 127000/- | കെ.എം.എസ്.സി എൽ.,തിരുവനന്തപുരം, കെ.എം.എസ്.സി.എൽ, തിരുവനന്തപുരം | PRF1916/30.01.17 (366650) PRF3020/02.3.17 (127000) | മരുന്ന് ലഭിച്ചതിന്റെക്യാഷ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ മരുന്ന് ലഭിച്ചതിന്റെക്യാഷ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ |
| തടസ്സപ്പെടുത്തിയ തുക | | 993650 | | | |

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 993650/- രൂപ ഓഡിറ്റ് താത്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 9/11.7.17)

## 3-4 നെൽവിത്ത് വിതരണം -രേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.ഡയറക്ടർ (കൃഷി)

പ്രോജക്ട് - പാടശേഖരങ്ങൾക്ക് നെൽവിത്തിന് ധനസഹായം

പ്രോജക്ട് നമ്പർ - 19/16-17

മേൽ പ്രോജക്ടിന്റെ ഭാഗമായി വെങ്കിടങ്ങ്, മുല്ലശ്ശേരി, എളവള്ളി ഗ്രാമപഞ്ചായത്തുകളിലെ വിവിധ പാടശേഖര സമിതികൾക്ക് നെൽവിത്ത് വിതരണം നടത്തിയിട്ടുണ്ട്. പാടശേഖര സമിതികളുടെ വിശദാംശങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക | ഗ്രാമ പഞ്ചായത്ത് | വിതരണം നടത്തിയ നെൽ വിത്തിന്റെ അളവ്(കി.ഗ്രാം) |
|---|---|---|---|
| KVPMLYAg(1)/16-17 /27.12.16 | 1425960 | വെങ്കിടങ്ങ് | 56000 |
| | | മുല്ലശ്ശേരി | 55720 |
| | | എളവള്ളി | 7110 |
| KVPMLYAg(2)/16-17 /29.3.17 | 134640/- | എളവള്ളി | 11220 |
| ആകെ | 1560600 | | 130050 |

പാടശേഖര സമിതികൾ നെൽ വിത്ത് കൈപ്പറ്റിയതിന്റെയും, കർഷകർക്ക് വിതരണം നടത്തിയതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 1560600/-രൂപ താത്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ 11/12.7.17

## 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- വിനിയോഗിക്കാത്ത തുക തിരികെ അടവാക്കിയിട്ടില്ല

പ്രോജക്ട് – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ - 7/1 17

നിർവ്വഹണ ഉദ്യോഗസ്ഥ - സി.ഡി.പി ഒ

ബിൽ നമ്പർ - 03/16-17/25.3.17 , 712000/-

മേൽ പദ്ധതി വിഹിതമായി എളവള്ളി ഗ്രാമ പഞ്ചായത്തിന് 237500/- രൂപ നല്കിയതിൽ 200000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. വിനിയോഗിക്കാതെ ശേഷിക്കുന്ന 37500/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 വിദേശധനസഹായം നല്കൽ - കൈപ്പറ്റ് രസീത് ഇല്ല

പ്രോജക്ട് - വിദേശധനസഹായം

പ്രോജക്ട് നമ്പർ - 37/1-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടിക ജാതി വികസന ഓഫീസർ

ബിൽ നമ്പർ - 1)2/AA(B)16-17 /15.3.17 , 100000/-

2)1/AA(B)16-17 /27.2.17, 150000/-

അഞ്ച് പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലിക്ക് പോകുന്നതിനായി മേൽ ബിൽ പ്രകാരം 50000/- രൂപ വീതം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയ 4 പേർ കൈപ്പറ്റ് രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)വിഷ്ണു, s/o late ചന്ദ്രസേനൻ

കുണ്ടൂർ ഹൗസ്, വെന്മേനാട്

2)ഷാജി ഇ.വി, എടക്കാട്ട്

പാടൂർ

3)അനിൽ എം.സി

മുത്തനാം പറമ്പിൽ, പേനകം

4)ഷാജു, s/o വേലായുധൻ

അരിയേരി ഹൗസ്, പാടൂർ

കൈപ്പറ്റ് രസീത് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 200000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 നിർവ്വഹണം നടത്തുന്ന പ്രോജക്ടിന് നിർവഹണ ഉദ്യോഗസ്ഥൻ തന്നെ സാങ്കേതിക അനുമതിയും, റിവൈസ്ഡ് അനുമതിയും നൽകിയിരിക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ GO (ms)4/16എൽ.എസ്.ജി.ഡി dt11/1/2016 para 14.5 (2) (3)ൽ നിർദ്ദേശിക്കുംവിധം നിർവ്വഹണം നടത്തുന്ന പ്രേജക്ടിനുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ സാങ്കേതിക അനുമതിയും, റിവൈസ്ഡ് അനുമതിയും നൽകാവുന്നതല്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയറുടെ തൊട്ടുമുകളിലുള്ള തലത്തിലുള്ള എഞ്ചിനീയറായിരിക്കണം സാങ്കേതിക അനുമതി നൽകേണ്ടത്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാറിൽ ഏർപ്പെട്ട് പ്രത്യേക കാരണമില്ലാതെ(മുൻകൂട്ടി കാണാൻ പറ്റാത്ത സാഹചര്യത്തിൽ മാത്രം) നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ റിവൈസ്ഡ് സാങ്കേതിക അനുമതി നൽകിയിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്‍ | അടങ്കല്‍ | പ്രോജക്റ്റ് നം. | കരാറുകാരന്‍ | ടി.എസ്സ് നമ്പര്‍ |
|---|---|---|---|---|---|
| 1 | സി.എച്ച്സി . മെയിന്‍റനന്‍സ് | 1300000 | 16/17 | ഫിറോസ് പി.എം | 8412/16-17 dt 14/11/16 |
| 2 | ബ്ലോക്ക് ഓഫീസ് നവീകരണം | 881000 | 15/17 | ചന്ദ്രന്‍ പി.കെ | 8453/16-17 dt14/11/16 |
| 3 | തണ്ണീര്‍കായല്‍.എസ്.സി കോളനി നടപ്പാത | 1499500 | 26/17 | ചന്ദ്രന്‍ പി.കെ | 35833/16-17 dt.7/12/16 |
| 4 | എലവത്തൂര്‍ എസ്.സി കോളനി സൈഡ് പ്രൊട്ടക്ഷന്‍ | 1450000 | 13/17 | ചന്ദ്രന്‍ പി.കെ | 41546/16-17 dt.14/12/16 |
| 5 | വടക്കെ കോഞ്ചിറ കോള്‍പടവ് മോട്ടോര്‍ ഷെഡ് നിര്‍മ്മാണം | 780249 | 12/17 | എം.ഡി പ്രേമദാസ് | 41552/16-17 dt.14/12/16 |
| 6 | കടവല്ലൂര്‍ എസ്.സി കോളനി സൈഡ് പ്രൊട്ടക്ഷന്‍ | 1450000 | 14/17 | ചന്ദ്രന്‍ പി.കെ | 8460/16-17 dt.14/11/16 |

മാര്‍ഗ്ഗരേഖക്കുവിരുദ്ധമായി *നിര്‍വ്വഹണ ഉദ്യോഗസ്ഥന്‍ തന്നെ റിവൈസഡ് സാങ്കേതിക* അനുമതി നല്‍കിയതിന് വിശദികരണം നല്‍കേണ്ടതാണ്.

## 3-8 അംഗീകാരം ലഭിച്ച പ്രോജക്ടുകള്‍ നടപ്പാക്കാതെ ഉപേക്ഷിക്കുന്നു

2016-17സാമ്പത്തിക വര്‍ഷം അംഗികരിച്ച 8 പ്രോജക്ടുകളില്‍ 2 പ്രോജക്ടുകള്‍ മാത്രമാണ് പൂര്‍ത്തീകരിക്കാന്‍ കഴിഞ്ഞത്. 2 പ്രോജക്ടുകള്‍ ഉപേക്ഷിച്ചു.

അവ:

a)CHC വാട്ടര്‍ പ്യൂരിഫിക്കേഷന്‍ പ്ലാന്റ് നിര്‍മ്മാണം (29/17)

b)CHC വനിത വാര്‍ഡ് നിര്‍മ്മാണം (43/17).

ശേഷിക്കുന്ന 6 പ്രോജക്ടുകളില്‍ 2പ്രോജക്ടുകള്‍ 31.3.17 നകവും 3 പ്രോജക്ടുകള്‍ 30/5/17നകവും പൂര്‍ത്തിയായി. 14/17 എന്ന പ്രോജക്റ്റ് ഓഡിറ്റ് കാലയളവിലും പൂര്‍ത്തിയായിട്ടില്ല. പാതിവഴിയില്‍ പ്രോജക്റ്റ് ഉപേക്ഷിക്കുന്നത് മറ്റ് മേഖലകളില്‍ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു. ഇക്കാര്യത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 3-9 സി.എച്ച്.സി ഓഫീസ് ചെലവുകള്‍ :ഹാജരാക്കിയ ബില്ലുകള്‍ അംഗികരിക്കത്തക്കതല്ല.

26/12/16ലെ ചെക്ക് നമ്പര്‍ 0310725 പ്രകാരം ജിപിജി യില്‍നിന്ന് 150,091/- രൂപ ഓഫീസ് ചെലവുകള്‍ക്കായി സി.എച്ച്.സി സൂപ്രണ്ടിന് നല്‍കിയിരിക്കുന്നു. 2013 ജനവരി മുതല്‍ 2015 മെയ് വരെയുള്ള ചെലവുകള്‍ നടത്തിയതിന്റെ ബില്ലുകള്‍ ഹെല്‍ത്ത് സെന്ററിന്റെ ആവശ്യത്തിനുവേണ്ടി ചെലവ് ചെയ്യതാണെന്ന് ഹാജരാക്കിയ ബില്ലുകളില്‍നിന്ന് വ്യക്തമല്ല. വിശദാംശങ്ങള്‍ താഴെ കൊടുക്കുന്നു

| ക്രമ നമ്പര്‍ | വൗച്ചര്‍ നം. | തുക | ആവശ്യം | അംഗീകരിക്കാതിരിക്കുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | 15/12-6-13 | 5300 | തറയില്‍ ഏജന്‍സീസിന് നല്‍കിയത് | സ്ഥാപനം സമര്‍പ്പിച്ച ക്വട്ടേഷന്‍ ബില്ലായി സമര്‍പ്പിച്ചു |
| 2 | 17/17-6-13 | 5000 | അലങ്കാര്‍ പവര്‍ ഹൗസിന് നല്‍കിയത് | സ്ഥാപനം സമര്‍പ്പിച്ച ക്വട്ടേഷന്‍ ബില്ലായി സമര്‍പ്പിച്ചു |
| 3 | 18/12-6-13 | 5200 | തറയില്‍ ബാറ്ററി | സ്ഥാപനം സമര്‍പ്പിച്ച ക്വട്ടേഷന്‍ ബില്ലായി സമര്‍പ്പിച്ചു |

| | | | | |
|---|---|---|---|---|
| | | | ഹൗസിന് നൽകിയത് | |
| 4 | 3 to14/20-4-13 | 10856 | പലവക ബില്ലുകൾ | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 5 | 16/17-6-13 | 5000 | അലങ്കാർ പവർ ഹൗസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 6 | 19/5-9-13 | 500 | പരന്തൻ ഫ്യൂവൽസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 7 | 22/11-11-13 | 500 | സ്മൃതി ഫ്യൂവൽസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 8 | 33/17-3-14 | 500 | പരന്തൻ ഫ്യൂവൽസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 9 | 36/22-3-14 | 500 | പരന്തൻ ഫ്യൂവൽസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 10 | 41/21-3-13 | 500 | പരന്തൻ ഫ്യൂവൽസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 11 | 46/29-5-14 | 100 | പരന്തൻ ഫ്യൂവൽസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 12 | 94/14-11-14 | 370 | അലങ്കാർ ഫ്യൂവൽസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 13 | 114/9-4-15 | 500 | സിറ്റി ഫ്യൂവൽസിന് നല്കിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 14 | 115/9-4-15 | 500 | ഐ.ഓ.സി ഡീലേഴ്സിന് നല്കിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 15 | 116/9-4-15 | 200 | പൂവ്വത്തൂർ ഓട്ടോ സെന്ററിന് നല്കിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| 16 | 117/16-4-15 | 500 | പരന്തൻ ഫ്യൂവൽസിന് നൽകിയത് | സി.എച്ച്.സി യുടെ പേരിൽ (അല്ലാത്തവ) സമർപ്പിക്കാത്ത ബില്ലുകൾ |
| | ആകെ | 36,026/- | | |

മേൽ തുക നിരാകരിക്കാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 10/12.07.17 നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക നിരാകരിക്കുന്നു. ജി.പി.ജി യിൽ നിന്ന് രണ്ടുവർഷത്തിനുശേഷം ചെലവുതുക നൽകുവാനുണ്ടായ സാഹചര്യം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-10 സെക്രട്ടറി നടപ്പാക്കിയ പദ്ധതി ചെലവ്: രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ താഴെപറയുന്ന പദ്ധതികളുടെ ചെലവിന് നേരെ ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | ചെലവുനടത്തിയ തുക | ആവശ്യപ്പെടുന്ന രേഖകൾ |
|---|---|---|---|
| a) | 21/17വാണിവിലാസം കുടിവെള്ള പദ്ധതി പൂർത്തീകരണം | 400000/- ഡി.ഡി.നം.387218/ 27-10-16 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം |
| b) | 45/17സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയത് | 800000/- ബിൽ നം.19/16-17 16-3-17 | കൈമാറിയതുകയുടെ രശീതി. |
| c) | 44/17ഖരമാലിന്യ സംസ്കരണം വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിലേക്കുള്ള വിഹിതം | 16,03,117/- 27-3-17 ൽ ചാവക്കാട് ട്രഷറി SB a/c ലേക്ക് കൈമാറി | വിനിയോഗ/പൂർത്തികരണ സാക്ഷ്യപത്രം പ്രവർത്തനപുരോഗതി റിപ്പോർട്ട് |
| d) | 41/17എ.ഇ.ഇ/ ബ്ലോക്ക് ഓഫീസ് എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 272550/- വൗച്ചർ നമ്പർ 1921874/23-3-17 | കോർപ്പറേറ്റ് ബിസിനസ്സ് സൊല്യൂഷൻ ,തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ27-2-17 ലെ912 ഇൻവോയ്സ് പ്രകാരം ലഭിച്ച ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും ഇഷ്യൂ ചെയ്തതിന്റെയും സാക്ഷ്യപത്രം |

മേൽ തുക 30,75,667/- ചെലവുരേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

## 3-11 IAY: 2010-2011വർഷം മുതൽ 2016-2017 ഉൾപ്പെടെ ഏഴുപേർ പദ്ധതി പണം ഉപയോഗപ്പെടുത്താതെ നിർമ്മാണം പാതിവഴിയിൽ.

ഐ.എ.വൈ. ഗുണഭോക്താക്കളിൽ ഏഴുപേർ നാളിതുവരെ വീടുപണി പൂർത്തീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശത്തിനവിധേയമായി പണിപൂർത്തീകരിക്കാൻ ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം നൽകിയ തുക തിരിച്ചു പിടിക്കേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കരാർ വെച്ച തിയ്യതി | നാളിതുവരെ നൽകിയ തുക | വീട് പണി ഏതുഘട്ടം വരെ | വർഷം |
|---|---|---|---|---|---|
| 1 | ശാന്ത, തറമേൽ | 7/3/13 | 120250 | സൺഷെയ്ഡ് വാർപ്പ് പൂർത്തീകരിച്ചു. | 2012-13 |
| 2 | സജിത,ചക്കാണ്ടു | 31/7/2014 | 17500 | തറപണി പൂർത്തീകരിച്ചിട്ടില്ല. | 2014-15 |
| 3 | ലൈല പുതിയവീട്ടിൽ | 11/3/15 | 157000 | സൺഷെയ്ഡ് വാർപ്പ് പൂർത്തീകരിച്ചു. | 2014-15 |
| 4 | അനിത ആനന്ദൻ കിഴക്കര | 11/3/15 | 139500 | സൺഷെയ്ഡ് വാർപ്പ് | 2014-15 |

| | | | | | |
|---|---|---|---|---|---|
| | | | | പൂർത്തീകരിച്ചു. | |
| 5 | പങ്കജ മോഹനൻ വലിയപുരക്കൽ | 23/7/2014 | 59500 | തറപണി പൂർത്തീകരിച്ചു | 2014-15 |
| 6 | സരോജിനി കുട്ടാപ്പുട്ടി,ചേന്ദംകര | 23/9/2015 | 157000 | ചുമർപണി പൂർത്തീകരിച്ചു. | 2015-16 |
| 7 | സരോജിനി ഉള്ളാടത്തിൽ | 2/12/15 | 111500 | തറപണി പൂർത്തീകരിച്ചു | 2015-16 |

## 3-12 വൗച്ചർ- അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്നവരുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവിന്റെ വിശദാംശം | ചെക്ക് നം/തിയ്യതി, തുക / സബ് വൗച്ചർ | അപാകതകൾ | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|
| ഡ്രൈവർ അഷ്കർ.എ.എച്ച്(KL 8-AC 7518)-ന് മാർച്ച് 2016ലെ വേതനം നൽകിയത് | 0308737 /2.4.16 10350/- | കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല | 10350/- |
| ഡ്രൈവർ അഷ്കർ.എ.എച്ച്(KL 8-AC 7518)-ന് ഏപ്രിൽ 2016ലെ വേതനം നൽകിയത് | 0308746 /30.4.16 15600/- | കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല | 15600/- |
| സെക്രട്ടറിയുടെ വാഹനത്തിന്റെ (KL 8-AC 7518) റിപ്പയർ- മരിയ ഓട്ടോ ഗാരേജിന്റെ 9360/-രൂപയുടെ ബിൽ | 0308745 /25.4.16 15529/-- സബ് വൗച്ചർ- 9360/- | റിപ്പയറിന്റെ ആവശ്യകത ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 9360/- |
| ഡ്രൈവർ അഷ്കർ.എ.എച്ച്(KL 8-AC 7518)-ന് മെയ് 2016ലെ വേതനം നൽകിയത് | 0308752 / 2.6.16 17550/- | കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല | 17550/- |
| ഭക്ഷണ ചെലവ് വകയിൽ വ്യാസ വനിത കാന്റീന് തുക അനുവദിച്ചത് | 0308755 /10.6.16 6205/- | ബിൽ, കൈപ്പറ്റ് രസീത് മുതലായവ ഹാജരാക്കിയിട്ടില്ല | 6205/- |
| മഴക്കാല മുന്നൊരുക്ക പ്രവർത്തനത്തിന്റെ ഭാഗമായി 70 സ്റ്റീൽ ഗ്ലാസും(1120/-രൂപ), ഒരു ടേബിൾ ക്ലോത്തും (990/-) വാങ്ങിയത് | 0308756 /10.6.16 41665/- സബ് വൗച്ചർ- 1120/-, 990/- | ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ആധികാരികമാക്കിയിട്ടില്ല. | 2110/- |
| സെക്രട്ടറിയുടെ വാഹനത്തിന്റെ (KL 8-AC 7518) റിപ്പയർ- 9445/-രൂപയുടെ ബിൽ | 0308760 /11.7.16 30208/- സബ് വൗച്ചർ- 9445/- | റിപ്പയറിന്റെ ആവശ്യകത ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 9445/- |

| | |
|---|---|
| ആകെ | 70620/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 70620/- രൂപ തടസ്സപ്പെടുത്തുന്നു. വാഹനത്തിന് ആവശ്യമായ റിപ്പയർ ഡ്രൈവർ ഒരു സമർപ്പണം മൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി അതിന് അനുവാദം നൽകേണ്ടതുമാണ്. റിപ്പയർ ചെയ്ത വിവരം റിപ്പയർ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31067795 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33694549 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36026 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5900537 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | - | 36026/- | പി.വി ബാലകൃഷ്ണൻ,സെക്രട്ടറി |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 993650 | ഡോ.കെ.ടി.സുജ,സൂപ്രണ്ട്,സി.എച്ച്.സി |
| 3-4 | 1560600 | സന്ധ്യ.വി,കൃഷി അസി.ഡയറക്ടർ |
| 3-6 | 200000 | അജിത് കുമാർ എം.ആർ,പട്ടികജാതിവികസന ഓഫീസർ |
| 3-10 | 400000 | വി.ശാന്താറാം,സെക്രട്ടറി |
| | 2675667 | പി.വി ബാലകൃഷ്ണൻ,സെക്രട്ടറി |
| 3-12 | 61175 | അനീഷ് ജെ.ആലയ്ക്കാപ്പള്ളി |
| | 9445 | വി.ശാന്താറാം,സെക്രട്ടറി |
| ആകെ | 5900537 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി.ബാലകൃഷ്ണൻ, സെക്രട്ടറി | റിട്ടയർ ചെയ്തു | പാണത്ര ഹൗസ്, അരിമ്പൂർ പി.ഒ 680620 |

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96,96-97, 97-98 | എൽ.എഫ്.ടി.ബി.പി-1751/10 /29.10.10/8.12.10 | |
| 98-99 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 99-2000 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 2000-01 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 2001-02 | എൽ.എഫ്.ടി.21-2145/07 തിയ്യതി 27.05.08/ 18.10.08(വരവ്) | |
| 98-99 | എൽ.എഫ്.ടി.21-1096/09 തിയ്യതി 15.07.10 (വരവ്) | |
| 99-2000 | എൽ.എഫ്.ടി.21-1097/09 തിയ്യതി 15.07.10 (വരവ്) | |
| 2000-01 | എൽ.എഫ്.ടി.21-1098/09 | |

| | | |
|---|---|---|
| | തിയ്യതി 15.07.10 (വരവ്) | |
| 2001-02 | എൽ.എഫ്.ടി.ബി.പി-33/12/ 01.03.12 | |
| 2002-03 | " | |
| 2003-04 | " | |
| 2004-05 | " | |
| 2005-06 | " | |
| 2006-07 | എൽ.എഫ്.ടി.ബി.പി2131/11 തിയ്യതി 09.05.12 | |
| 2007-08 | എൽ.എഫ്.ടി.ബി.പി2132/11 തിയ്യതി 09.05.12 | |
| 2008-09 | എൽ.എഫ്.ടി.ബി.പി2133/11 തിയ്യതി 09.05.12 | |
| 2009-10 | എൽ.എഫ്.ടി.ബി.പി2134/11 തിയ്യതി 09.05.12 | |
| 2010-11 | എൽ.എഫ്.ടി.ബി.പി2278/12 തിയ്യതി 12.02.13/13.06.13 | |
| 2011-12 | എൽ.എഫ്.ടി.ബി.പി1996/13 തിയ്യതി 03.02.14 | |
| 2012-13 | എൽ.എഫ്.ടി.ബി.പി1264/14 തിയ്യതി 12.11.14/10.02.15 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി പി)1235/15 തിയ്യതി 15.10.15/8.12.15 | |
| 2014-15&2015-16 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)644/17/30.5.17 | |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ
.